പൗരൻ

# സംസ്ഥാനത്ത് ചെത്തുതൊഴിലും അന്യം നിൽക്കുന്നു; നീരചെത്താനും പുതിയയാളുകളെ കണ്ടെത്തേണ്ടതായി വരും

പറവൂർ-സംസ്ഥാനത്ത് ചെത്ത് തൊഴിലും അന്യമായി കൊണ്ടിരിക്കുന്നു. ഈ മേഖലയിലേക്ക് പുതിയ തലമുറയിൽ നിന്നും ആരുംതന്നെ കടന്നു വരുന്നില്ല. ഇതേ തുടർന്ന് നീരയുത്പാദനത്തിനു വേണ്ടി നാളികേരവികസന ബോർഡ് പരിശീലനം നൽകിയവരെ ഉപയോഗപ്പെടുത്തുവാനാണ് തീരുമാനമെടുത്തിരിക്കുന്നത്. ഇവരെ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കുകയും ചെയ്യും. പണ്ടൊക്കെ ഈഴവ സമുദായം കുലതൊഴിലായി കള്ള്ചെത്ത് കരുതിയിരുന്നതാണ്.എന്നാൽ ഈ സമുദായത്തിലെ വളരെ കുറച്ചുപേർ മാത്രമേ ഇപ്പോൾ ഈ മേഖലയിലുള്ളു.